**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T4653**

**27.06.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പാ പലിശയിളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പയെടുക്കുന്നവർക്ക് പലിശയിളവ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത നടപടി പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്നതാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | (എ) | വിദ്യാഭ്യാസ ലോണെടുത്ത, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, വ്യക്തികൾക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച പലിശ സബ്സിഡി സ്കീം റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട ഒരു വിദ്യാഭ്യാസ ലോൺ പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഈ സ്കീം പിൻവലിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. അതിനാൽ ഈ നടപടി വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കില്ല. |
| (ബി) | എഡ്യുക്കേഷണൽ സബ്സിഡി സ്കീം പ്രകാരം ഇളവ് ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച്/ നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.<br><br>നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടില്ല. |

(2)

(സി) ഇവരുടെ കാര്യത്തിൽ എന്ത് തീരുമാനമെടുത്തു; എത്ര പേർക്ക് ആനുകൂല്യം നൽകി; വിശദമാക്കാമോ;

(സി) ബി.പി.എൽ. വിഭാഗത്തിൽ 31.03.2014 വരെ 6481 വിദ്യാർത്ഥികൾക്ക് മൊത്തം 36,43,75,000/- രൂപയുടെ പലിശ ഒഴിവാക്കി നൽകിയിട്ടുണ്ട്.

(ഡി) ബജറ്റിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രഖ്യാപനങ്ങൾ നടത്തിയിരുന്നുവോ; വിശദമാക്കുമോ; പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തെല്ലാം നടപ്പാക്കി;

(ഡി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ 2012-13 ബജറ്റിൽ പലിശ സബ്സിഡി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 31.03.2014 വരെ 6481 വിദ്യാർത്ഥികൾക്ക് 36,43,75,000/- രൂപയുടെ പലിശ ഒഴിവാക്കി നൽകിയിട്ടുണ്ട്.

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ തുകയ്ക്ക് പലിശ സബ്സിഡി നൽകുന്നതിനായി സംസ്ഥാന സർക്കാർ സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകൾ ജില്ലാ തലത്തിൽ പരിശോധിച്ചു വരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇതിനെക്കാൾ മെച്ചമായ ഒരു പലിശ സബ്സിഡി സ്കീം പ്രഖ്യാപിച്ചതിനാൽ ഈ സ്കീം പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(3)

| | | | |
|---|---|---|---|
| (ഇ) | വിദ്യാഭ്യാസ വായ്പാ പലിശ കണക്കാക്കുന്നതിൽ ബാങ്കുകൾ വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നതും വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 08.06.2012-ൽ ബഹു. മുഖ്യമന്ത്രി അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് ഇക്കാര്യത്തെകുറിച്ച് കത്തെഴുതിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രി തെക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും ബാങ്കുകളുടെ ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിലും കേരളം ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ പ്രതികരണം ലഭ്യമായിട്ടില്ല. |
| (എഫ്) | ഇത് പരിഹരിക്കുന്ന കാര്യത്തിൽ ഈ സർക്കാർ ക്രിയാത്മകമായി കൈക്കൊണ്ട നടപടികളും നടപടികൾ കൊണ്ടുണ്ടായ പുരോഗതിയും വിശദമാക്കാമോ; | | |
| (ജി) | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ആർ.ബി.ഐ യും ഐ.ബി.ഐയും അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ജി) | വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖാന്തിരം ബന്ധപ്പെട്ട ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ